**പതിനാലാം കേരള നിയമസഭ**
**പത്തൊൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2571** **12.03.2020 ൽ മറുപടിയ്ക്ക്**

**ലഹരി നിർമ്മാർജ്ജനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.സി. ജോർജ് | | ശ്രീ.ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ലഹരി വസ്തുക്കൾ കടത്തിയതിന് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 63,141 അബ്കാരി കേസുകളും, 23,149 എൻ.ഡി.പി.എസ് കേസുകളും, 2,67,901 കോട്പ കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | ഇത്തരം കേസുകളിൽ പിടിക്കപ്പെടുന്ന കുറ്റവാളികളിൽ നിന്നും കൂടുതൽ പിഴ ഈടാക്കാൻ നിയമനിർമ്മാണം നടത്തുമോ; വ്യക്തമാക്കുമോ; | (ബി) | കോട്പ കേസുകളിൽ പിഴ തുക 200/- രൂപയിൽ നിന്നും 2000/- രൂപയായി വർദ്ധിപ്പിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു വരികയാണ്. |
| (സി) | ലഹരി നിർമ്മാർജ്ജനം ചെയ്യാൻ സർക്കാർ പുതിയ പദ്ധതികൾ എന്തെങ്കിലും ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (സി) | ലഹരി വർജ്ജനത്തിലൂടെ ലഹരിമുക്ത കേരളം എന്ന ലക്ഷ്യം കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ വിമുക്തി രൂപീകരിച്ചിട്ടുണ്ട്. എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ മറ്റ് സർക്കാർ വകുപ്പുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, സംസ്ഥാന സ്പോർട്സ് കൗൺസിൽ, റസിഡന്റ്സ് അസ്സോസ്സിയേഷനുകൾ, സ്കൂൾ-കോളേജ് ലഹരി വിരുദ്ധ ക്ലബ്ബുകൾ, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, എൻ.എസ്.എസ്., എൻ.സി.സി., മദ്യവർജ്ജന സമിതികളടക്കമുള്ള സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥി-യുവജന-മഹിളാ സംഘടനകൾ, സാമൂഹിക -സാംസ്കാരിക പ്രവർത്തകർ എന്നിവയടക്കം പൊതുജന പങ്കാളിത്തത്തോടുകൂടി ലഹരിക്കെതിരെ ബോധവത്ക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ച് വരുന്നു. സംസ്ഥാനത്തുടനീളം വിദ്യാലയങ്ങളിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രസ്തുത ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ നിരന്തരം ലഹരി വിരുദ്ധ ബോധവത്കരണ ക്ലാസുകൾ ഉൾപ്പെടെയുള്ള |

| | | | |
|---|---|---|---|
| | | | ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു വരുന്നു. കൂടാതെ 'നാളത്തെ കേരളം ലഹരിമുക്ത നവകേരളം' എന്ന തീവ്ര ബോധവൽക്കരണ പരിപാടി 2019 നവംബർ 1 മുതൽ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്.<br>ഇതിന്റെ ഭാഗമായി കേരളത്തിലെ 140 നിയോജകമണ്ഡലങ്ങളിലും, 917 പഞ്ചായത്തുകളിലും, 87 മുനിസിപ്പാലിറ്റികളിലും, 6 കോർപ്പറേഷനുകളിലും, വിമുക്തി കമ്മിറ്റികൾ രൂപീകരിച്ച് ബോധവൽക്കരണ പ്രവർത്തനം നടത്തി വരുന്നു. നവംബർ 14 ന് 23 ലക്ഷത്തോളം വിദ്യാർത്ഥികൾ ലഹരിവിരുദ്ധ ബാഡ്ജ് ധരിച്ചിട്ടുള്ളതും. ഡിസംബർ 4 ന് വിദ്യാർത്ഥികൾ ലഹരിവിരുദ്ധ പ്രതിജ്ഞ എടുത്തിട്ടുള്ളതുമാണ്. 131 വോളന്റിയർമാർക്ക് മാസ്റ്റർ ട്രെയിനിംഗ് നൽകി. സംസ്ഥാനത്ത് പുതുതായി 1404 സ്കൂൾ ക്ലബ്ബും, 392 കോളേജ് ക്ലബ്ബും 1794 ഗ്രന്ഥശാലാ ക്ലബ്ബും രൂപീകരിച്ചു. സർക്കാർ ഓഫീസുകളിൽ ലഹരി വിരുദ്ധ കമ്മിറ്റികൾ രൂപീകരിച്ച് സർക്കാർ ഉദ്യോഗസ്ഥർ ലഹരി വിരുദ്ധ പ്രതിജ്ഞ എടുത്തിട്ടുള്ളതാണ്. ലഹരിക്കെതിരെ ജനപങ്കാളിത്തത്തോടെ റാലികൾ, സൈക്ലത്തോൺ, ബൈക്കത്തോൺ, വാക്കത്തോൺ, എന്നിവ നടത്തി 40075 കിലോമീറ്റർ ദൂരം പൂർത്തീകരിച്ചിട്ടുണ്ട്. വിമുക്തി ബോധവൽക്കരണ വാഹനം കേരള പര്യടനം പൂർത്തിയാക്കിയിട്ടുണ്ട് മാത്രമല്ല നവമാധ്യമങ്ങൾ വഴിയും വിവിധ സാംസ്കാരിക പരിപാടികൾ വഴിയും വിമുക്തി സന്ദേശം എല്ലാ വിഭാഗം ജനങ്ങളിലും എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ